"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനം - ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ജെ. അരുൺ ജോണിന്റെ അന്യത്ര സേവന കാലാവധി - ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്

സ.ഉ.(സാധാ) നം.1935/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/10/2020

പരാമർശം:- 1 സ.ഉ.(ആർ.ടി.)നം. 1737/2019/തസ്വഭവ. തീയതി 10/08/2019

2 സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 27/08/2020 ലെ SEC/598/2019-A1 നം. കത്ത്

ഉത്തരവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം 02.09.2019 മുതൽ ഓഫീസ് അറ്റന്റൻഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന മലപ്പുറം ജില്ലയിലെ അരീക്കോട് സബ്ട്രഷറിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ജെ. അരുൺ ജോണിന്റെ അന്യത്ര സേവന കാലാവധി 01.09.2020-ൽ അവസാനിക്കുകയാണെന്നും 02.09.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നു. ശ്രീ.ജെ. അരുൺ ജോണിന്റെ അന്യത്ര സേവന കാലാവധി 02.09.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകുന്നതിൽ വകുപ്പിന് ആക്ഷേപമില്ലെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന മലപ്പുറം ജില്ലയിലെ അരീക്കോട് സബ്ട്രഷറിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ജെ. അരുൺ ജോണിന്റെ അന്യത്ര സേവന കാലാവധി, നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, 02.09.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. അരുൺ ജോൺ, ഓഫീസ് അറ്റൻഡന്റ്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ